6536
24/3/17

**കേരള സർക്കാർ**

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - **കൊല്ലം ജില്ല** - തെരുവുനായ ആക്രമണത്തെ തുടർന്ന് മരണപ്പെട്ട അമീനയുടെ കുടുംബത്തിന് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

**റവന്യൂ (ഡിആർഎഫ് -എ) വകുപ്പ്**

**സ.ഉ.(കയ്യെഴുത്ത്) നം:84/17/റവ.** **തിരുവനന്തപുരം, തീയതി, 21/03/2017**

=================================================================

**പരാമർശം** കൊല്ലം ജില്ലാ കളക്ടറുടെ 07/03/2017-ലെ എൻ4-10836/17(b) നമ്പർ കത്ത്.

**ഉത്തരവ്**

27.02.2017-ൽ തെരുവു നായ്ക്കളുടെ ആക്രമണത്തിൽ മരണപ്പെട്ട കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ പന്മന മാവേലി, ആയിഷ മൻസിലിൽ സജീവന്റെ ഭാര്യയായ അമീനയുടെ കുടുംബത്തിന് ആകെ 5,00,000/- (അഞ്ച് ലക്ഷം) രൂപ മാത്രം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു. പ്രസ്തുത തുക കുട്ടികൾ പ്രായപൂർത്തിയാകുമ്പോൾ അവർക്ക് പിൻവലിക്കുന്നതിനും അതുവരെ പ്രസ്തുത തുകയുടെ പലിശ കുട്ടികളുടെ പിതാവിന് കുടുംബ ചെലവിന് പിൻവലിക്കുന്നതിനും വ്യവസ്ഥ ചെയ്തുകൊണ്ട് രണ്ട് കുട്ടികളുടെയും പേരിൽ ദേശസാത്കൃത ബാങ്കിൽ സ്ഥിര നിക്ഷേപം നടത്തുന്നതിന് കൊല്ലം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. ടി ആവശ്യത്തിലേക്ക് വേണ്ടിവരുന്ന **5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും **കൊല്ലം ജില്ലാ കളക്ടർക്ക്** നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്.കുര്യൻ**
**പ്രിൻസിപ്പൽ സെക്രട്ടറി**

**ജില്ലാ കളക്ടർ, കൊല്ലം.**
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി).
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ(ഫണ്ട്സ്) വകുപ്പ്/റവന്യൂ(ഡി.ആർ.എഫ്.-ബി) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**